വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : ഹരിത വി കുമാർ ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ്-ഐ.സി.ഡി.എസ് -സക്ഷം അങ്കണവാടി നവീകരണം 2023-24- 1710 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയത്-നവീകരണത്തിന് ഇനി ആവശ്യമായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിലെ 29.08.2024 ലെ ഇതേ നമ്പർ ഉത്തരവ്

2. ഈ കാര്യാലയത്തിലെ 22.10.2024, 13.12.2024, 13.01.2025, 29.01.2025, 10.02.2025,07.05.2025 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

3. ഈ കാര്യാലയത്തിലെ 6.06.2025 ലെ ഇതേ നമ്പർ ഉത്തരവ്

4. വയനാട് പ്രോഗ്രാം ഓഫീസറുടെ 29/5/2025 ലെ WYD/352/2022-B നമ്പർ കത്ത്.

5. തൃശ്ശൂർ പ്രോഗ്രാം ഓഫീസറുടെ 14/5/2025 ലെ DICDSC/TSR/D1-152/2023 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ : DWCD/1038/2023-ICDS A7 തീയതി : 03-07-2025</u>**

2023-24 സാമ്പത്തിക വർഷം സക്ഷം അങ്കണവാടി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1710 അങ്കണവാടികൾ നവീകരിക്കുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുമതി നൽകിയും, ഫണ്ട് അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. നവീകരണാനുമതി നൽകിയ അങ്കണവാടികളിൽ സെന്റർ മാറ്റം ആവശ്യപ്പെട്ടിട്ടുള്ള അങ്കണവാടികൾക്ക് പരാമർശം (2) പ്രകാരം സെന്റർ മാറ്റവും അനുവദിച്ചിട്ടുണ്ട്. സക്ഷം പദ്ധതി പ്രകാരം നവീകരണം നടത്തുന്നതിന് പരാമർശം (1), (2) പ്രകാരം തുക അനുവദിച്ച അങ്കണവാടികൾക്ക് നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം പരാമർശം (3) പ്രകാരം 1,58,86,835/- രൂപ അനുവദിച്ചിട്ടുണ്ട്.

സക്ഷം പദ്ധതി പ്രകാരം നവീകരണം പൂർത്തീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 2,89,112/- രൂപ അനുവദിക്കുന്നതിനായി പരാമർശം (4) പ്രകാരം വയനാട് പ്രോഗ്രാം ഓഫീസറും, 52,730/- രൂപ അനുവദിക്കുന്നതിനായി പരാമർശം (5) പ്രകാരം തൃശ്ശൂർ പ്രോഗ്രാം ഓഫീസറും അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിനു ചുവടെ ചേർക്കും പ്രകാരം ഫണ്ട് അനുവദിക്കേണ്ടതുണ്ട്:

| ജില്ല | പ്രോജക്ട് | അനുവദിച്ച തുക | വിനിയോഗിച്ച തുക | ബാക്കി തുക | നവീകരണം പൂർത്തീകരിക്കുന്നതിന് അനുവദിക്കുന്ന തുക | ജില്ലയ്ക്ക് അനുവദിക്കുന്ന തുക |
|---|---|---|---|---|---|---|
| വയനാട് | മാനന്തവാടി അഡീഷണൽ | 46,00,000 | 43,75,888 | 2,24,112 | 2,24,112 /- | 2,89,112/- |
| | കല്പറ്റ | 65,00,000 | 64,22,898 | 77,102 | 50,000 /- | |
| | കല്പറ്റ അഡീഷണൽ | 51,00,000 | 50,41,583 | 58,417 | 15,000 /- | |
| തൃശ്ശൂർ | ചാവക്കാട് അഡീഷണൽ | 2,00,000 | 1,71,984 | 28,016 | 28,000 /- | 52,730/- |
| | ചേർപ്പ് | 1,00,000 | 75,270 | 24,730 | 24,730 /- | |
| ആകെ | | | | | 3,41,842/- | |

പ്രസ്തുത സാഹചര്യത്തിൽ സക്ഷം പദ്ധതി പ്രകാരമുള്ള നവീകരണം പൂർത്തീകരിക്കുന്നതിനായി മേൽ സൂചിപ്പിക്കും പ്രകാരം 3,41,842/- ( മൂന്ന് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം) ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി അങ്കണവാടികളുടെ നവീകരണത്തിനായി അനുവദിക്കുന്ന 3,41,842/- ( മൂന്ന് ലക്ഷത്തി നാല്പത്തിയൊന്നായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം ) Upgradation of Anganwadi Centre സ്കീമിനായി ( Scheme code-KL249 ) ICICI ബാങ്കിൽ ആരംഭിച്ചിട്ടുള്ള 195301000789 ( IFSC-ICIC0001953 ) എന്ന SNA അക്കൗണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസറുടെ സബ്സിഡിറി അക്കൗണ്ടിലേക്ക് Component code [1.2] Upgradation of AWC to Saksham Anganwadi [KL] അനുസരിച്ച് അനുവദിക്കേണ്ടതും, ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസറുടെ ചൈൽഡ് അക്കൗണ്ടിലേക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

ശിശുവികസന പദ്ധതി ഓഫീസർമാർ അനുവദിച്ചിരിക്കുന്ന തുക വിനിയോഗിച്ച് സക്ഷം നവീകരണ പദ്ധതി പ്രകാരമുള്ള നവീകരണ പ്രവർത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും, ബില്ലുകൾ മാറി നൽകേണ്ടതുമാണ്. പ്രവർത്തികൾ പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ അവലോകനം നടത്തേണ്ടതും പുരോഗതി റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ് -/)

**വനിത ശിശുവികസന ഡയറക്ടർ**

ജില്ല വനിത ശിശുവികസന ഓഫീസർ
(തൃശ്ശൂർ, വയനാട്)

പകർപ്പ്:

1. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ (തുക അനുവദിക്കുന്നതിനായി)
2. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്.
3. ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്

ഉത്തരവിൻ പ്രകാരം

Signed by
A R Rahul
സൂപ്രണ്ട്
Date: 05-07-2025 17:10:1